

വാല്യം: 13 ലക്കം: 3
സെപ്റ്റംബർ 2024

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക

MALABAR CANCER CENTRE
THALASSERY

**മലബാർ കാൻസർ സെന്റർ**
പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഓങ്കോളജി സയൻസസ് & റിസർച്ച്
തലശ്ശേരി, കണ്ണൂർ

കേരള
ഗവൺമെന്റിന്റെ
കീഴിലുള്ള സ്വയംഭരണ
സ്ഥാപനം

'വിജയം എന്നത് യാദൃശ്ചികമല്ല. അത് കഠിനാദ്ധ്വാനവും, നിരന്തര പ്രയത്നവും അറിവും ത്യാഗവും അതിലെല്ലാമുപരി ചെയ്യുന്ന പ്രവർത്തിയോടുള്ള സ്നേഹമാണ്.'

ബ്രസീലിന്റെ, അല്ല ലോകത്തിന്റേ തന്നെ അഭിമാനമായ ഫുട്ബോളർ 'പെലെ' യുടെ വാക്കുകളാണിത്. ഈ ലക്കത്തെ അഭയം മാസികയുടെ ഏറിയ ഇടങ്ങളും കൈയ്യടക്കിയത് ഇൻസർ നഴ്സിംഗ് വിദ്യാർത്ഥികൾ ആണ്. പാഠ്യേതര വിഷയങ്ങളിൽ പ്രകടിപ്പിക്കുന്ന അസാമാന്യമായ അവരുടെ കഴിവ് അഭിനന്ദനാർഹമാണ്. ഭാവിയിൽ നമുക്ക് മുതൽക്കൂട്ടാവുന്ന പല കാര്യങ്ങളിലും വിദ്യാർത്ഥികളുടേയും അധ്യാപകരുടെയും കയ്യൊപ്പുണ്ടെന്നത് സന്തോഷകരം തന്നെ. ഇതിന് ഉദാഹരണങ്ങളാണ് ലോക അവയവദാന ദിനാചരണ പരിപാടികൾ. എം.സി.സിക്ക് അകത്തും പുറത്തുമുള്ള നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ, ലഹരി വിരുദ്ധ അവബോധ ക്ലാസ്സ്, ലോക ആത്മഹത്യാ പ്രതിരോധ ദിന പരിപാടികൾ, റാഗിംങ്ങ് വിരുദ്ധ ബോധവൽക്കരണം, വേൾഡ് വൈഡ് വെബ് ദിനം, ലോക ഒ.ആർ.എസ് ദിനാചരണം, സ്വച്ചതാ കി സേവ ക്യാമ്പയിൻ എന്നിവ.



റോട്ടറി ക്ലബ് എം.സി.സിയെ നിർലോഭം സഹായിച്ചുവരുന്നു. റോട്ടറി തലശ്ശേരിയുടെ നേതൃത്വത്തിൽ 12.55 ലക്ഷം രൂപ വിലവരുന്ന ഹൈ ടെക് ട്രോളികൾ എം.സി.സിക്ക് കൈമാറി സാമൂഹിക പ്രതിബദ്ധത അടയാളപ്പെടുത്തി.

കാൻസർ ചികിത്സ പ്രത്യുല്പാദന ശേഷിയെ സാരമായി ബാധിക്കാറുണ്ട്. എന്നാൽ ചികിത്സയോടൊപ്പം പ്രത്യുല്പാദന സംരക്ഷണവുമെന്ന ആശയവുമായി എം.സി.സി മുന്നോട്ടുവരുന്നു. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചയുടൻ ആരംഭിക്കുന്ന ഫെർട്ടിലിറ്റി ക്ലിനിക് കാൻസർ രോഗമുക്തരുടെ 'കുഞ്ഞിക്കാൽ' എന്ന സ്വപ്നത്തിന് മുതൽക്കൂട്ടാവുമെന്നതിൽ സംശയമില്ല. ഇതേക്കുറിച്ചുള്ള ഡോ. ആദർശിന്റെ ലേഖനമാണ് ആലേഖത്തിൽ മറ്റൊന്ന്. ബോധനം എന്ന ശീർഷകത്തിൽ എം.സി.സി എക്കോ സ്കൂൾടീച്ചേർസ് ട്രെയിനിംങ്ങ് പ്രോഗ്രാം ഫോർ കാൻസർ കൺട്രോൾ രണ്ടാമത്തെ ബാച്ച് ആരംഭിച്ചു. കൂടാതെ എം.സി.സി ദത്തെടുത്ത പന്ന്യന്നൂർ പഞ്ചായത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി ഓങ്കോളജി ബോധവൽക്കരണ പരിപാടികൾ എന്നിവ യഥാവിധി നടന്നുവരുന്നു. ചുരുങ്ങിയ കാലം കൊണ്ട് എം.സി.സിയിൽ കാതലായ പ്രവർത്തനങ്ങൾ ശ്ലാഘനീയമായ രീതിയിൽ മുന്നോട്ടുപോകുന്നു. കാൻസർ ചികിത്സ എന്നതിലുപരി സാമൂഹിക നന്മയെ ഉൾക്കാഴ്ചയോടെ സമീപിക്കുന്ന ഒട്ടനവധി കാര്യങ്ങൾ ഈ ലക്കത്തിലുൾപ്പെടുത്താൻ കഴിഞ്ഞു എന്നത് സ്വപ്നസാഫല്യമാണെന്ന് പറയാതെ വയ്യ.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**

ഡയറക്ടർ, മലബാർ കാൻസർ സെന്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് &റിസേർച്ച്

# ഹൈടെക് എമർജൻസി ട്രോളികൾ




സെപ്തംബർ 10 ന് റോട്ടറി ടെലിച്ചറിയുടെ നേതൃത്വത്തിൽ 12.55 ലക്ഷം രൂപയുടെ പുതിയ ഹൈടെക് എമർജൻസി ട്രോളികൾ (സി.പി.ആർ സൗകര്യമുള്ളവ) മലബാർ കാൻസർ സെന്ററിന് കൈമാറി.റോട്ടറി ബാംഗ്ലൂർ ഇന്ദിരാ നഗറിന്റെ സി.എസ്.ആർ പങ്കാളിയായ കാൻഫിൻ ഹോംസ്, ട്രോളികൾ വാങ്ങാൻ ധനസഹായം നൽകി. മലബാർ കാൻസർ സെന്ററിലെ പീഡിയാട്രിക് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഡോ.സംഗീത കെ.നായനാർ അധ്യക്ഷത വഹിച്ചു. ശശികുമാർ (മാനേജർ കാൻഫിൻ ഹോംസ്, കോഴിക്കോട്), പദ്ധതി അവതരിപ്പിച്ചു ട്രോളികൾ കൈമാറി. റോട്ടറി ടെലിച്ചറി അംഗം എ.കെ സുഗുണൻ, പ്രസിഡണ്ട് ആർ.അയ്യപ്പൻ, സെക്രട്ടറി അർജ്ജുൻ അരയാക്കണ്ടി, പി. നാരായണൻ, റോട്ടറി ടെലിച്ചറി മെമ്പർമാരായ സി.പി കൃഷ്ണകുമാർ, ദിലീപ് കുമാർ, സന്തോഷ് കുമാർ, അനിത സന്തോഷ്, സേതുമാധവൻ (റോട്ടറി കൂത്തുപറമ്പ്) ഡോ.വിനിൻ, മുൻ എക്സൈസ് കമ്മീഷണർ പി. സുരേഷ്, പ്രീതി, അനിത തയ്യിൽ സംസാരിച്ചു.

# ലോക അവയവദാന ദിനാചരണം





എല്ലാവർഷവും ആഗസ്റ്റ് 13ന് അവയവദാനദിനം ആചരിക്കുന്നു. ജീവൻ രക്ഷിക്കുന്നതിൽ അവയവദാനം വഹിക്കുന്ന നിർണ്ണായക പങ്കിനെ എടുത്ത് കാണിക്കാൻ കൂടുതൽ ദാതാക്കളുടെ അടിയന്തിര ആവശ്യത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി INSeR – NSS ന്റെ 15 സന്നദ്ധ പ്രവർത്തകരും അദ്ധ്യാപകരും ഉൾപ്പെടെയുള്ളവർ നേത്രദാന പ്രതിജ്ഞയെടുക്കുകയും ഫോറം പൂരിപ്പിക്കുകയും ചെയ്തു. പ്രസ്തുത ഫോറങ്ങൾ തലശ്ശേരി ജനറൽ ആശുപത്രിയിലെ നേത്രദാന ബാങ്കിൽ 13/08/2024 ന് 1.30ന് നൽകുകയുണ്ടായി.




# ലഹരി വിരുദ്ധ പ്രതിജ്ഞ

മയക്കുമരുന്ന് ദുരുപയോഗം ലോകമെമ്പാടുമുള്ള പ്രധാന വെല്ലുവിളികളിലൊന്നാണ്. ഫലപ്രദമായ മയക്കുമരുന്ന് ചികിത്സ, പ്രതിരോധം എന്നിവയെക്കുറിച്ച് അന്താരാഷ്ട്ര സംഘടനകൾ കൂടുതൽ ശ്രദ്ധാലുക്കളാണ്. നഷാ മുക്ത് അഭിയാൻ ഭാരത് കാമ്പെയിന്റെ ഭാഗമായി 12/08/2024 ന് രാവിലെ 11 മണിക്ക് INSeR ന്റെ NSS വോളണ്ടിയർമാർ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രതിജ്ഞയെടുത്തു. മയക്കുമരുന്ന് ദുരുപയോഗത്തിനും ലഹരിവസ്തുക്കൾക്കുമെതിരെ പോരാടുന്നതിന് വിദ്യാർത്ഥികളിൽ അവബോധം വർദ്ധിപ്പിക്കുവാൻ ഇത് സഹായകമായി.

# ലഹരിവിമുക്ത അവബോധ ക്ലാസ്സ് - മെന്റൽ ഹെൽത്ത് നഴ്സിംഗ് ഡിപ്പാർട്ട്മെന്റ് -2024

മയക്കുമരുന്ന് ദുരുപയോഗത്തിനും നിയമവിരുദ്ധ കടത്തിനും എതിരായ അന്താരാഷ്ട്ര ദിനത്തിന്റെ ഭാഗമായി മയക്കുമരുന്ന് ദുരുപയോഗം പരിഹരിക്കുന്നതിനും മയക്കുമരുന്നിന് അടിമപ്പെടുന്നതിന്റെ വിപത്ത് സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആന്റ് റിസർച്ച്. സംഘടിപ്പിച്ചു. മെന്റൽ ഹെൽത്ത് നഴ്സിംഗ് ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോക്ടർ ബിനജു സ്വാഗത പ്രസംഗം നടത്തി. കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ഡോ. രോഹിണി അദ്ധ്യക്ഷത വഹിച്ചു. എക്സൈസ് വകുപ്പിലെ വിദഗ്ധനായ പ്രഭാഷകൻ കണ്ണൂർ വിമുക്തി മിഷനിലെ എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ സമീർ ധർമ്മടം ലഹരി ഉപയോഗത്തിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് തന്റെ അറിവും അനുഭവവും പങ്കുവെച്ചു. മാനുഷിക മൂല്യങ്ങൾക്ക് ഊന്നൽ നൽകിയ അദ്ദേഹം മൊബൈൽ ഫോൺ അഡിക്ഷനെക്കുറിച്ചും കുട്ടികൾക്ക് മുന്നറിയിപ്പ് നൽകി. പ്രസംഗത്തിൽ ഉടനീളം മാതാപിതാക്കളെ സ്നേഹിക്കുവാനും അവരോട് സത്യസന്ധത പുലർത്താനും മയക്കുമരുന്ന് വാഹകരുടെ പിടിയിൽ വീഴാതിരിക്കാനും അദ്ദേഹം കുട്ടികളെ പഠിപ്പിച്ചു. ശേഷം 5 മണിയോടെ ശ്രീമതി. ശ്രീത നന്ദി പ്രകാശിപ്പിച്ചുകൊണ്ട് യോഗം അവസാനിപ്പിച്ചു.












ആലേഖം




ഡോ.അഭിലാഷ്
ഹെമറ്റോളജി വിഭാഗം


# കൈമെറിക് ആന്റിജൻ ടി-സെൽ തെറാപ്പി (കാർ-ടി) അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### എന്താണ് കാർ-ടി സെൽ തെറാപ്പി ?


കാർ-ടി എന്നത് ഒരു നൂതന ഇമ്മ്യൂണോ തെറാപ്പി ആണ്. ഇതിൽ കാൻസർ കോശങ്ങളെ ആക്രമിക്കുന്നതിന് ഒരു രോഗിയുടെ ടി-സെല്ലുകൾ ജനറ്റിക് എഞ്ചിനിയറിംഗിലൂടെ പരിഷ്ക്കരിക്കപ്പെടുന്നു. ഇതിനായി ആദ്യം രോഗിയുടെ രക്തത്തിൽ നിന്ന് ടി-സെല്ലുകൾ ശേഖരിക്കുന്നു. അതിനുശേഷം CDSCO അംഗീകാരമുള്ള ഏക കാർ-ടി –സെൽ കമ്പനിയായ ഇമ്മ്യൂണോ ആക്റ്റിന്റെ ലബോറട്ടറിയിലേക്ക് ഇത് അയക്കുന്നു. ജനിതക മാറ്റം വരുത്തി അവയെ ട്യൂമർ ആന്റിജനുകളെ ലക്ഷ്യം വച്ചുള്ള ആന്റിബോഡികൾ ഉപരിതലത്തിൽ പ്രകടിപ്പിക്കുന്ന തരത്തിൽ ഉള്ളതാക്കി മാറ്റുന്നു. ഇങ്ങനെ പരിഷ്കരിച്ച ടി –സെല്ലുകളുടെ എണ്ണം കൂട്ടിയതിനുശേഷം രോഗിയുടെ ശരീരത്തിലേക്ക് കയറ്റുന്നു.

### കൈമെറിക് എന്ന പേര് എങ്ങനെ വന്നു?

ഗ്രീക്ക് പുരാണമനുസരിച്ച് വിവിധ മൃഗങ്ങളുടെ ഭാഗങ്ങൾ അടങ്ങിയ ഒരു രാക്ഷസ ജീവിയാണ് കൈമറ. ടി-സെല്ലുകളിൽ വൈറസ് ഉപയോഗിച്ച് ജീൻ കയറ്റുകയും അതുമൂലം അവയുടെ റിസപ്റ്ററുകളിൽ രൂപമാറ്റം വരുന്നതുകൊണ്ട് അവയെ കൈമറിക് ആന്റിജൻ ടി-സെൽ എന്ന് അറിയപ്പെടുന്നു.

### കാർ-ടി സെൽ തെറാപ്പി എങ്ങനെയാണ് മറ്റ് ചികിത്സാ രീതികളിൽ നിന്ന് വ്യത്യസ്തമാകുന്നത്?

കാർ-ടി യെ ഒരു ജീവനുള്ള മരുന്നായാണ് കണക്കാക്കുന്നത്. കോശങ്ങൾ ശരീരത്തിൽ ദീർഘകാലം നിലനിൽക്കുവാൻ കഴിയുന്നതിനാൽ അവ എപ്പോഴും കാൻസർ കോശങ്ങളെ തിരിച്ചറിയുകയും ആക്രമിക്കുകയും ചെയ്യുന്നു. സാധാരണ രീതിയിൽ ഈ ചികിത്സയ്ക്ക് വേണ്ടി രോഗി ഏഴ് മുതൽ പത്ത് ദിവസം വരെ മാത്രം ഹോസ്പിറ്റലിൽ കിടന്നാൽ മതിയാകും. മാത്രവുമല്ല ഇത് ഒറ്റത്തവണ ചികിത്സയാണ്. ഇത് മറ്റ് ചികിത്സകളിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നു.





## ആർക്കെല്ലാമാണ് ഇന്ത്യൻ കാർ -ടി സെൽ തെറാപ്പി ഉപയോഗപ്പെടുക?


- പരമ്പരാഗത കീമോതെറാപ്പിയിൽ പ്രതികരിക്കാത്ത ബി-സെൽ അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയയും, ബി-സെൽ ലിംഫോമയും.
- ചികിത്സിച്ച് കഴിഞ്ഞ ഉടനെ തിരിച്ചുവന്ന ബി-സെൽ അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയയും, ബി-സെൽ ലിംഫോമയും.

## എവിടെയാണ് ഈ ചികിത്സ ലഭ്യമാകുക?

2017 ലാണ് ലോകത്തിൽ ആദ്യമായി കാർ-ടി സെൽ തെറാപ്പിക്ക് അമേരിക്കയിൽ FDA അംഗീകാരം ലഭിക്കുന്നത്. ഇന്ത്യയിലെ ഒരേയൊരു കാർ-ടി സെൽ തെറാപ്പിക്ക് 2023 ഒക്ടോബറിൽ അംഗീകാരം ലഭിച്ചു. ഇന്ത്യയിലെ ആദ്യത്തെ കാർ-ടി സെൽ തെറാപ്പി 2023 നവംബറിൽ ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റലിലാണ് നടത്തിയത്. ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ഇന്ത്യയിൽ രണ്ടാമതും, കേരളത്തിൽ ആദ്യമായും കാർ-ടി സെൽ തെറാപ്പി കൊടുത്തത് മലബാർ കാൻസർ സെന്ററിലാണ്.

## എത്രയാണ് ഇതിന്റെ ചിലവ് ?

ഇന്ത്യയിൽ അംഗീകരിക്കപ്പെട്ട ഏക കാർ-ടി സെൽ കമ്പനിയായ ഇമ്മ്യൂണോ ആക്ട് വഴിയാണ് കാർ-ടി സെൽ




ഉത്പാദിപ്പിക്കുന്നത്. സാധാരണ നിലയിൽ 42 ലക്ഷം രൂപയും GST യുമാണ് കാർ-ടി സെൽ ഉത്പാദിപ്പിക്കുന്നതിന് മാത്രം തന്നെ ആവുക. എന്നാൽ ഗവൺമെന്റ് സ്ഥാപനമായ മലബാർ കാൻസർ സെന്റർ ഹോസ്പിറ്റലിൽ പേഷ്യന്റ് അസ്സിസ്റ്റന്റ് പ്രോഗ്രാം വഴി ഇത് മുപ്പത് ലക്ഷം രൂപയ്ക്ക് കമ്പനി ജനിതക പരിഷ്കരണം ചെയ്തു നൽകും. സങ്കീർണ്ണതകൾ ഒന്നും തന്നെ ഉണ്ടായില്ലെങ്കിൽ 35 ലക്ഷത്തിനും 40 ലക്ഷത്തിനും ഇടയിലുള്ള ചിലവിൽ മൊത്തം ചികിത്സയും ചെയ്യാനാകും.

## എന്താണ് ഇതിന്റെ പാർശ്വഫലങ്ങൾ?

**സൈറ്റോകൈൻ റിലീസ് സിൻഡ്രോം.**

- കാർ-ടി –സെല്ലുകൾ ശരീരത്തിൽ പ്രവേശിക്കുമ്പോൾ പലതരത്തിലുള്ള സൈറ്റോകൈൻ കെമിക്കലുകൾ ശരീരത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുമൂലം പനി, ശ്വാസം മുട്ട്, രക്ത സമ്മർദ്ദം കുറയുക, അവയവങ്ങൾക്ക് തകരാറ് വരുക എന്നിവ സംഭവിക്കാം.
- നാഡീവ്യൂഹങ്ങൾക്ക് തകരാറ് വരാൻ സാധ്യതയുണ്ട്. ഇതിനുപുറമേ ഇമ്മ്യൂണോ ഗ്ലോബുലിൻ അളവ് കുറയുക, രക്തത്തിലെ കോശങ്ങളുടെ അളവ് കുറയുക, എന്നിവയും സംഭവിക്കാം. എന്നിരുന്നാലും വളരെക്കുറച്ച് ശതമാനം ആളുകൾക്ക് മാത്രമേ മേൽപ്പറഞ്ഞ പാർശ്വഫലങ്ങൾ ജീവന് ഭീഷണിയാവുന്ന തരത്തിൽ കാണാറുള്ളൂ.

## കാർ-ടി സെൽ തെറാപ്പിക്ക് മുൻപ് കീമോ തെറാപ്പി ആവശ്യമുണ്ടോ?

താരതമ്യേന ശക്തികുറഞ്ഞ ലിംഫോഡ്പ്ലീഷൻ കീമോതെറാപ്പി കാർ-ടി സെൽ തെറാപ്പിക്ക് മുൻപ് മൂന്ന് ദിവസം സാധാരണ രീതിയിൽ കൊടുക്കാറുണ്ട്. ഇത് ശരീരത്തിൽ നിലവിലുള്ള ലിംഫോസൈറ്റുകളുടെ എണ്ണം കുറക്കുന്നതിനും കുത്തിവച്ച കാർ-ടി –സെല്ലുകൾ വികസിപ്പിക്കാനും പെരുകാനും ഇടം നൽകുന്നതിന് സഹായിക്കുന്നു.



ഡോ. ആദർശ് ധർമ്മരാജൻ
അസോസിയേറ്റ് പ്രൊഫസർ

# കാൻസർ ചികിത്സയോടൊപ്പം പ്രത്യുൽപ്പാദന സംരക്ഷണം

നൂതനമായ കാൻസർ ചികിത്സാ രീതികളുടെ ഫലമായി തുടക്കത്തിലേ കണ്ടെത്തുന്ന കാൻസർ രോഗങ്ങൾ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കുവാൻ കഴിയും. കാൻസർ ചികിത്സയോടൊപ്പം തന്നെ ജീവിത ഗുണനിലവാരം നിലനിർത്തുക എന്നത് കാൻസർ ചികിത്സയുടെ ഭാഗമായി മാറിക്കഴിഞ്ഞു.

## എന്ത്കൊണ്ട് പ്രത്യുൽപ്പാദന സംരക്ഷണം ?

വളരെ ചെറിയ പ്രായത്തിൽ തന്നെ സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്ന കാൻസർ രോഗങ്ങൾ നിരവധിയാണ്. ഈ സാഹചര്യത്തിൽ അവർക്ക് കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി തുടങ്ങിയ ചികിത്സാ രീതികൾക്ക് വിധേയരാവേണ്ടി വന്നേക്കാം. ഇത്തരം ചികിത്സാരീതികൾ അനിയന്ത്രിതവും അതിവേഗവും വിഘടിക്കുന്ന അർബുദ കോശങ്ങളെ നശിപ്പിക്കുന്നു. എന്നാൽ നമ്മുടെ ശരീരത്തിൽ അതിവേഗം വിഘടിക്കുന്ന പ്രത്യുൽപ്പാദന കോശങ്ങളെയും (അണ്ഡകോശങ്ങൾ, ബീജകോശങ്ങൾ) ഈ ചികിത്സാരീതികൾ ബാധിക്കാനിടയുണ്ട്. തത്ഫലമായി സ്ത്രീകളിലും പുരുഷന്മാരിലും സ്ഥിരമായോ, താത്കാലികമായോ പ്രത്യുൽപ്പാദനശേഷി നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അണ്ഡാശയ കാൻസർ രോഗങ്ങളുടെ ഭാഗമായി ചില രോഗികളിൽ അണ്ഡാശയങ്ങൾ താത്കാലികമായി ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുന്ന സാഹചര്യങ്ങളും പ്രത്യുൽപ്പാദന ശേഷിയെ ബാധിക്കാം.

## എല്ലായ്പ്പോഴും കാൻസർ ചികിത്സ പ്രത്യുൽപ്പാദനശേഷിയെ ബാധിക്കുമോ ?

എല്ലാ കീമോ മരുന്നുകളും ഒരുപോലെ പ്രത്യുൽപ്പാദനശേഷിയെ ബാധിക്കുന്നതല്ല. ആൽക്കൈലേറ്റിംഗ് ഏജന്റ്സ് എന്ന വിഭാഗത്തിൽപെടുന്ന മരുന്നുകളാണ് ഏറിയ പങ്കും പ്രത്യുൽപ്പാദനശേഷിയെ ബാധിക്കുന്നത്. കൂടാതെ ഇടുപ്പെല്ലിന്റെ ഭാഗത്തായി നൽകുന്ന റേഡിയേഷൻ ചികിത്സയും പ്രത്യുൽപ്പാദനത്തെ ബാധിക്കുന്നു.

## പ്രത്യുൽപ്പാദന സംരക്ഷണമാർഗ്ഗങ്ങൾ -സ്ത്രീകളിൽ

1) കാൻസർ ചികിത്സ തുടങ്ങുന്നതിന് മുൻപ് കൃത്യമായ പരിശോധനയ്ക്ക് വിധേയമാകണം.അണ്ഡകോശങ്ങളുടെ നീക്കിയിരുപ്പ് (ovum reserve) സൂചിപ്പിക്കുന്ന AMH ടെസ്റ്റ്, അൾട്രാസൗണ്ട് എന്നീ മാർഗ്ഗങ്ങളിലൂടെ അണ്ഡകോശങ്ങളുടെ തോത് നിർണ്ണയിക്കാം.

2) കാൻസർ ചികിത്സയ്ക്ക് മുന്നോടിയായി ഹോർമോണുകൾ/മരുന്നുകൾ എന്നിവ നൽകി അണ്ഡാശയ ഫോളിക്കിളുകൾ ഉത്തേജിപ്പിക്കുകയും തുടർന്ന് അൾട്രാസൗണ്ട് സ്കാനിംഗിന്റെ സഹായത്തോടുകൂടി അണ്ഡകോശങ്ങൾ ശേഖരിക്കുന്നു. ഈ അണ്ഡകോശങ്ങൾ ശീതീകരിച്ച് വർഷങ്ങളോളം (ovum cryo preservation) സൂക്ഷിച്ചുവയ്ക്കാൻ സാധിക്കുന്നു. ചില സാഹചര്യങ്ങളിൽ ഇവ ബീജകോശങ്ങളുമായി സംയോജിപ്പിച്ച് ഭ്രൂണങ്ങളാക്കി മാറ്റുകയും അവ ശീതീകരിച്ച് സൂക്ഷിക്കുകയും ചെയ്യും.

3) കീമോതെറാപ്പി സമയത്ത് നൽകുന്ന GnRh കുത്തിവെപ്പിലൂടെ അണ്ഡകോശങ്ങൾക്ക് വരുന്ന കേടുപാടുകൾക്ക് ഒരു പരിധിവരെ പരിഹാരം നൽകാനായേക്കും.

4) ചികിത്സയുടെ ഭാഗമായി ഇടുപ്പെല്ലിന് റേഡിയേഷൻ ചികിത്സ ഉറപ്പായും ആവശ്യമായി വരുന്ന സ്ത്രീകളിൽ സർജറിയിലൂടെ അണ്ഡാശയങ്ങൾ റേഡിയേഷൻ ബാധിക്കാത്ത ഭാഗത്തേക്ക് പുനസ്ഥാപിക്കുന്ന ചികിത്സാരീതി (ovarian transposition) ലഭ്യമാണ്.

## പ്രത്യുൽപ്പാദന സംരക്ഷണം-പുരുഷന്മാരിൽ

പുരുഷന്മാരിൽ കാൻസർ ചികിത്സയ്ക്ക് മുന്നോടിയായി ശുക്ലം ശേഖരിക്കുകയും, അതിൽ നിന്നും ബീജ കോശങ്ങൾ വേർതിരിച്ചെടുത്തശേഷം ശീതീകരിച്ച അവസ്ഥയിൽ കാലങ്ങളോളം സൂക്ഷിച്ചുവെക്കുന്നു.

## ഫെർട്ടിലിറ്റി ക്ലിനിക്ക്

പ്രത്യുൽപ്പാദന സംരക്ഷണം എന്ന ആശയവുമായി മലബാർ കാൻസർ സെന്റർ മുന്നോട്ടുവരുന്നു. ആദ്യ ഘട്ടത്തിൽ ബീജ ശീതീകരണ സംവിധാനങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടിവരുന്നു. ഗവൺമെന്റ് തല അംഗീകാരം ലഭിച്ചാൽ ഉടൻ ആരംഭിക്കുന്ന ഈ ക്ലിനിക് കാൻസർ രോഗ മുക്തരുടെ രക്ഷാകർതൃത്വം എന്ന സ്വപ്നത്തിന് മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല.



ഡോ. നീതു എ.പി.
കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം

# കളർ പെൻസിൽ

ഹോസ്പിറ്റൽ കഴിഞ്ഞ് ഞാൻ തിരക്ക് പിടിച്ച് ടൗണിലേക്ക് പോവുകയായിരുന്നു.

'ഇന്നെങ്കിലും വാങ്ങിച്ചുകൊണ്ടുതരണം' മോൻ പറഞ്ഞു. എത്ര ദിവസായി അമ്മയോട് പറയാൻ തുടങ്ങിയിട്ട് ഇനി ടീച്ചർ വഴക്ക് പറയും.

എന്ത് ചെയ്യാനാണ് ആ ദിവസങ്ങളിലൊക്കെ എനിക്ക് ദൂര സ്ഥലങ്ങളിലായിരുന്നു ക്യാമ്പ്. അതുകൊണ്ട് വീട്ടിൽ തിരിച്ചെത്താൻ വൈകിയിരുന്നു. പിന്നെ ടൗണിലേക്ക് ഇറങ്ങാനൊന്നും ആരോഗ്യവുമുണ്ടാവില്ല. 'ഇന്ന് ബുധനാഴ്ചയല്ലേ, അമ്മ ഹോസ്പിറ്റലിലേക്കല്ലേ, ഇന്നെന്തായാലും വാങ്ങിക്കാം.'

വൈകുന്നേരം സൂപ്പർമാർക്കറ്റ് ലക്ഷ്യമാക്കി എന്റെ കാർ ഓടിക്കൊണ്ടിരുന്നു. സൂപ്പർ മാർക്കറ്റിലെത്തിയതും ഞാൻ ഇടംവലം നോക്കാതെ നേരെ സ്റ്റേഷ്യനറി ഉള്ള സ്ഥലത്തേക്ക് പോയി. അവൻ പറഞ്ഞ കളർപെൻസിലിനായി തിരയാൻ തുടങ്ങി. ഇവിടുന്ന് കിട്ടിയില്ലെങ്കിൽ ഇനി വേറെ സ്ഥലത്ത് പോകുമ്പഴേക്കും വൈകില്ലേ? മോൻ സ്കൂളിൽ നിന്ന് എത്തിയിട്ടുണ്ടാകും... ഒന്നും കഴിച്ചിട്ടുണ്ടാവില്ല... പല ചിന്തകളായിരുന്നു മനസ്സിൽ. പെട്ടെന്ന് ആരോ 'മാഡം' എന്ന് വിളിച്ചതുപോലെ തോന്നി.

തോന്നലായതുകൊണ്ട് ഞാൻ തിരിഞ്ഞുനോക്കിയില്ല. ആ നിമിഷത്തിൽ ഞാൻ എന്റെ മോന്റെ അമ്മ മാത്രമായിരുന്നല്ലോ. പിന്നെയും ആരോ വിളിച്ചു. ഇത്തവണ 'നീത്തു മാഡം' എന്നുതന്നെ ഞാൻ വ്യക്തമായി കേട്ടു. അപ്പോൾ എന്നെത്തന്നെയാണ്. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ ഒരു ഭാര്യയും ഭർത്താവും. നല്ല ഭംഗിയിൽ സിംഗിൾ ലയറിൽ സിൽക്ക് സാരിയുടുത്ത്, മുടിയെല്ലാം സ്ട്രെയിറ്റൻ ചെയ്ത്, ഒരു 40-45 വയസ്സ് തോന്നിക്കുന്ന സുന്ദരി. എനിക്ക് മറ്റുള്ളവരുടെ ഡ്രസ്സ് സെൻസ് ഒക്കെ നോക്കി ആസ്വദിക്കാൻ എപ്പോഴും ഇഷ്ടമാണ്. അവർ പരിചയത്തോടെ ചിരിക്കുന്നുണ്ടായിരുന്നു. ഞാനാണെങ്കിൽ ഇവർക്ക് ആള് മാറിയതോ മറ്റോ ആണൊ എന്ന മട്ടിൽ അവരെത്തന്നെ തുറിച്ചുനോക്കി. ആരായിരിക്കുമെന്ന് അതിനിടയിൽ ഓർമ്മയിലുള്ള എല്ലാ മുഖങ്ങളിലൂടെയും കണ്ണോടിക്കാനും ശ്രമിച്ചു. ഇല്ല. എനിക്ക് അറിയില്ല.

ഉടനെ ഭർത്താവ് പറഞ്ഞു, 'മാഡത്തിന് നിന്നെ മനസ്സിലായിട്ടില്ല. മാഡം ഇത് എം.സി.സിയിൽ ട്രീറ്റ്മെന്റ് എടുത്ത നിമയാണ് (യഥാർത്ഥ പേരല്ല). ഞാൻ ഗൾഫിൽ ജോലിചെയ്യുന്ന അവരുടെ ഭർത്താവ്. അന്ന് ആദ്യമായി വന്നപ്പോൾ ഒ.പിയിൽ ഇരുന്ന് ഇവർ കരഞ്ഞപ്പോൾ മാഡം ആശ്വസിപ്പിച്ചത് മാഡത്തിന് ഓർമ്മയില്ലേ?'

'Oh my God! നിമയോ! കുറേ ആയല്ലോ കണ്ടിട്ട്. എനിക്ക് പെട്ടെന്ന് മനസ്സിലായില്ല. സോറി കേട്ടോ. ട്രീറ്റ്മെന്റ് കഴിഞ്ഞശേഷം കണ്ടതേയില്ലല്ലോ?'

നിമ പറഞ്ഞു 'ഞാൻ പിന്നീട് ഗൾഫിലേക്ക് പോയി. കുറച്ചുകാലം ഒരുമിച്ച് നിൽക്കണമെന്ന് തോന്നി. അവിടെതന്നെ ഫോളോ അപ്പും നടത്തി. അതാണ് വരാതിരുന്നത്. കഴിഞ്ഞയാഴ്ച നാട്ടിൽ വന്നതേയുള്ളൂ. മാഡത്തിനെ കാണാൻ പറ്റിയതിൽ വലിയ സന്തോഷമായി'.

'നല്ല മുടിയെല്ലാം വന്നല്ലോ നിമ. നിങ്ങളെ പണ്ട് കണ്ടതുപോലെയല്ല. അതിനേക്കാൾ സുന്ദരിയായി കാണാൻ സാധിച്ചതിൽ എനിക്കും വളരെ സന്തോഷം'.

'ഇപ്പോൾ ഞാൻ എന്റെ അസുഖത്തെക്കുറിച്ചൊന്നും ചിന്തിക്കാറേയില്ല. ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായ ഒരു മാറ്റം മാത്രമല്ലേ എന്റെ അസുഖം. അത് മാറിയില്ലേ. ഇപ്പോൾ ലൈഫ് നോർമൽ ആണ്. We are happy. ഡോക്ടറുടെ സമയം കളയുന്നില്ല. പോട്ടെ. ഞാൻ അടുത്തയാഴ്ച തിരിച്ച് പോകും'. അവരെ കണ്ട സന്തോഷത്തിൽ ഞാൻ കുറച്ചുനേരം അവർ പോകുന്നത് നോക്കി നിന്നു. പെട്ടെന്ന് എനിക്ക് ഓർമ്മ വന്നു 'അയ്യോ മോന്റെ കളർ പെൻസിൽ' ഞാൻ വീണ്ടും അതിനായി തിരച്ചിൽ തുടങ്ങി.

വർഷങ്ങൾക്ക് മുൻപ് എനിക്ക് ഒ.പി.ഡിയിൽ പോസ്റ്റിംഗ് ഉണ്ടായിരുന്ന കാലത്തെ അനുഭവമാണ്. ഇന്നും മനസ്സിൽ മായാത്ത സന്തോഷമായി തുടരുന്നു...

# ലോക ആത്മഹത്യാ പ്രതിരോധ ദിനം

മിസ്.ആൻ ട്രീസ (ആറാം സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ് വിദ്യാർ ത്ഥിനി) സ്വാഗത പ്രസംഗം നടത്തി. ഡോ. ധന്യ (മെഡിക്കൽ ഓഫീസർ പി.എച്ച്.സി കോടിയേരി) പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീമതി ശ്രീതയുടെ (ലക്ചറർ-ഇൻസർ) നേതൃത്വത്തിൽ ആത്മഹത്യ തടയുന്നതിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് നടത്തി. ക്ലാസ്സിൽ ആത്മഹത്യയുടെ കാരണങ്ങളും അപകട സാധ്യത ഘടകങ്ങളും മുന്ന റിയിപ്പ് സൂചനകളും ആത്മഹത്യ തട യാനുള്ള മാർഗ്ഗങ്ങളും അവതരിപ്പിച്ചു. തുടർന്ന് ആറാം സെമസ്റ്റർ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു സ്കിറ്റ് നടത്തി.

യഥാർത്ഥ ജീവിത സാഹചര്യങ്ങളും സമയോചിതമായ ഇടപെടലിന്റെയും പിന്തുണയുടേയും പ്രാധാന്യവും സ്കിറ്റ് ചിത്രീകരിച്ചു. ആത്മഹത്യ തടയാൻ നമുക്കോരോരുത്തർക്കും ഒരുമിച്ച് പ്രവർത്തിക്കാം എന്ന സന്ദേശം അത് ഫലപ്രദമായി നൽകി. ആത്മഹത്യാവിരുദ്ധ പ്രതിജ്ഞയോടുകൂടിയാണ് പരിപാടി അവസാനിപ്പിച്ചത്. ശ്രീമതി ആൻ ട്രീസ നന്ദി രേഖപ്പെടുത്തി. രാവിലെ 10.30 ഓടെ പരിപാടി അവസാനിപ്പിച്ചു.

# റാഗിങ്ങ് വിരുദ്ധ ബോധവത്ക്കരണ പരിപാടി

സ്റ്റുഡന്റ് സപ്പോർട്ട് ഗൈഡൻസ് പ്രോഗ്രാം (SSGP) 2024 സെപ്തംബർ 13 -ന് രാവിലെ 9 മണിമുതൽ 12 മണിവരെ വിദ്യാർത്ഥികളിൽ റാഗിങ്ങിന്റെ ആഘാതത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ആന്റി റാഗിങ്ങ് അവബോധ പരിപാടി സംഘടിപ്പിച്ചു. പ്രാർത്ഥനാ ഗാനത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. SSGP നോഡൽ ഓഫീസർ ശ്രീമതി.ലിഞ്ജു. ടി.കെ സ്വാഗതം പറഞ്ഞു. ഡോ.പ്രൊഫ. രോഹിണി.ടി റാഗിങ്ങ് വിരുദ്ധ ബോധവത്ക്കരണ പരിപാടിയുടെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികൾക്കിടയിൽ റാഗിങ്ങ് ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെക്കുറിച്ചും വിശദീകരിക്കുകയും ചെയ്തു.

ശേഷം ആന്റി റാഗിങ്ങ് സെഷൻ കൈകാര്യം ചെയ്തത് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (പോലീസ്), കൗൺസിലർ, സൈക്കോതെറാപ്പിസ്റ്റ് ആയ ശ്രീ.രാജീവ്.ടി വേങ്ങാട് ആയിരുന്നു. റാഗിങ്ങിന്റെ എല്ലാ പ്രധാന ഭാഗങ്ങളും അദ്ദേഹം വിശദീകരിച്ചു. റാഗിങ്ങിന്റെ നിയമപരമായ ഭാഗങ്ങളും വിവിധ വകുപ്പുകളും അദ്ദേഹം ക്ലാസ്സിൽ ഉൾപ്പെടുത്തി. കൂടാതെ വിദ്യാർത്ഥികളിൽ മൊബൈൽ ഫോൺ ആസക്തി ഉണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ചും അദ്ദേഹം ചർച്ച ചെയ്തു. സെക്ഷനുശേഷം മാജിക് ഷോ അവതരിപ്പിച്ച് ജീവിത വിജയത്തിനുള്ള വഴികൾ വിശദീകരിച്ചു.

പരിപാടിയുടെ അവസാനം അഞ്ച് വിദ്യാർത്ഥികൾ അവരവരുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു. ക്ലാസ്സ് വളരെ ഫലപ്രദവും ആകർഷകവുമാണെന്ന് അവർ അഭിപ്രായപ്പെട്ടു. അഭിനന്ദന സൂചകമായി ടി. രാജീവ് വേങ്ങാടിന് പ്രിൻസിപ്പൽ ഡോ. പ്രൊഫ. രോഹിണി ടി മൊമെന്റോ സമ്മാനിച്ചു. SSGP നോഡൽ ഓഫീസർ ശ്രീമതി. മനീജ എസ്.എസ് നന്ദി പറഞ്ഞു. ദേശീയ ഗാനത്തിന് ശേഷം ക്ലാസ്സ് അവസാനിച്ചു.





# പീഡിയാട്രിക് നഴ്സിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ




തലശ്ശേരി നങ്ങാറത്ത് പീഷികയിലുള്ള AVS ടാഗോർ വിദ്യാപീഠം ഹൈസ്കൂളിൽ 2024 ഓഗസ്റ്റ് 27 ന് പീഡിയാട്രിക് നഴ്സിംഗ് വിഭാഗം വേൾഡ് വൈഡ് വെബ് ഡേ ആഘോഷം -24 സംഘടിപ്പിച്ചു. വിദ്യാഭ്യാസം, ആഗോള തലത്തിലുള്ള ആശയവിനിമയം എന്നിവയിൽ ഇന്റർനെറ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. വേൾഡ് വൈഡ് വെബ് ദിനത്തെക്കുറിച്ചുള്ള ശ്രീമതി.മനീജയുടെ (ലക്ചറർ-ഇൻസർ) ഹ്രസ്വമായ ആമുഖത്തോടെയാണ് ഈ പരിപാടി ആരംഭിച്ചത്. ഇന്നത്തെ ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യത്തെക്കുറിച്ചും ഇന്റർനെറ്റിന്റെയും സൈബർ സുരക്ഷയുടേയും ഭാവിയെക്കുറിച്ചും ശ്രീ.വിനോദ് കുമാർ (പ്രിൻസിപ്പൽ. AVS ടാഗോർ വിദ്യാപീഠം ഹൈസ്കൂൾ-തലശ്ശേരി) സംസാരിച്ചു. ഹൈസ്കൂൾ കുട്ടികൾ (8,9,10) ഈ സെക്ഷനിൽ സജീവമായി പങ്കെടുക്കുകയും പ്രയോജനം നേടുകയും ചെയ്തു.

'ഡിജിറ്റൽ ഇറയിലെ ഡിജിറ്റൽ ആരോഗ്യം' എന്ന വിഷയത്തിൽ വിദ്യാർത്ഥികൾ തങ്ങളുടെ ചിന്തകൾ ക്രീയാത്മകമായി പ്രകടിപ്പിക്കുന്ന പോസ്റ്റർ നിർമ്മാണ മത്സരമായിരുന്നു അന്നത്തെ പ്രധാന പരിപാടി. ഇന്റർനെറ്റിന്റെ ഗുണങ്ങളും ദോഷങ്ങളെയും കുറിച്ച് ചിന്തിക്കാൻ മത്സരം വിദ്യാർത്ഥികളെ പ്രേരിപ്പിച്ചു. സർഗ്ഗാത്മകത, വിഷയത്തിന്റെ പ്രസക്തി, അവതരണം എന്നിവ അനുസരിച്ച് പോസ്റ്ററുകൾ വിലയിരുത്തി. മികച്ച മൂന്ന് പോസ്റ്ററുകൾ തിരഞ്ഞെടുത്ത് അവാർഡുകൾ വിതരണം ചെയ്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേക സമ്മാനങ്ങളും നൽകി.

ഒടുവിൽ നാലാം സെമസ്റ്റർ ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾ ഇന്നത്തെ ലോകത്തിൽ ഇന്റർനെറ്റ് ഉപയോഗത്തിന്റെ ഗുണദോഷങ്ങൾ പ്രതിപാദിക്കുന്ന നൃത്തം അവതരിപ്പിച്ചു. നന്ദി പ്രകാശനത്തോടെ പരിപാടികൾ സമാപിച്ചു.









ഒന്നാം സമ്മാനം




രണ്ടാം സമ്മാനം




മൂന്നാം സമ്മാനം

# ലോക ഒ.ആർ.എസ് ദിനാചരണം

ലോക ഒ.ആർ.എസ് ദിനാചരണത്തിന്റെ ഭാഗമായി പീഡിയാട്രിക് നഴ്സിംഗ് വിഭാഗം വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 2024 ജൂലൈ 23 ന് ഡോ. ജയഗോപാൽ(ശിശുരോഗ വിദഗ്ധൻ, ജനറൽ ആശുപത്രി തലശ്ശേരി) ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. വയറിളക്കം, നിർജ്ജലീകരണം എന്നിവ തടയുന്നതിനുള്ള പോസ്റ്ററുകൾ ഒ.പി.ഡി കളിലും പീഡിയാട്രിക് വാർഡിലും പ്രദർശിപ്പിച്ചു. അഞ്ചാം സെമസ്റ്റർ BSc നഴ്സിംഗ് വിദ്യാർത്ഥികളുടെ കൂട്ടായ പരിശ്രമമായിരുന്നു അത്. ഏകദേശം 30 അമ്മമാരും ആരോഗ്യ പ്രവർത്തകരും സജീവമായി പങ്കെടുക്കുകയും ഈ ക്ലാസ്സിൽ നിന്ന് പ്രയോജനം നേടുകയും ചെയ്തു. 2024 ജൂലൈ 31 ന് പോസ്റ്ററുകൾ തയ്യാറാക്കിയ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്, തലശ്ശേരി ഉപഹാരം നൽകി.




# ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ്

പഠനാനന്തരം

കോടിയേരി പി.എച്ച്.സി.യിൽ ഒ.ആർ.എസ് ആവശ്യകതയും അതിന്റെ ഫലപ്രദമായ ഉപയോഗവും സംബന്ധിച്ച് 07/08/2024 ന് രാവിലെ 11 മുതൽ ഉച്ചക്ക് 12 വരെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. പവർ പോയിന്റ് പ്രസന്റേഷൻ ഉപയോഗിച്ച് ശ്രീമതി. മനീജ (ലക്ചറർ INSeR) ക്ലാസ്സെടുത്തു നാലാം വർഷ BSc നഴ്സിംഗ് വിദ്യാർത്ഥികൾ വിഷയസംബന്ധമായ ഒരു പാവക്കളി അവതരണവുമായി ജനക്കൂട്ടത്തിന് അറിവ് പകർന്നു. പി.എച്ച്. സി യിൽ വന്ന രോഗികളും, അമ്മമാരും അവരുടെ കുട്ടികളും സജീവമായി പങ്കെടുത്തു. അവരുടെ സംശയങ്ങൾ വ്യക്തമാക്കിക്കൊടുത്തു.




# സ്വച്ഛതാ ഹി സേവ കാമ്പയിൻ

പ്രകൃതി ശുചിത്വം സംസ്കാര ശുചിത്വം എന്നതായിരുന്നു ഈ വർഷത്തെ സ്വച്ഛതാ ഹി സേവ കാമ്പയിന്റെ പ്രമേയം. അതിന്റെ ഭാഗമായി രണ്ടാം വർഷ ബി.എസ്.സി നഴ്സിംഗിലെ NSS വളണ്ടിയർമാർ 24/09/2024 ന് ഉച്ചക്ക് 12 മണിക്ക് പ്രോഗ്രാം ഓഫീസറുടെ (ശ്രീമതി. ടിന്റു സെബാസ്റ്റ്യൻ) മേൽനോട്ടത്തിൽ ഇൻസർ കാമ്പസിൽ ഒരു ക്ലീനിംഗ് ഡ്രൈവ് സംഘടിപ്പിച്ചു. വളണ്ടിയർമാരെ ഗ്രൂപ്പുകളാക്കി തിരിച്ച് യൂട്ടിലിറ്റി ഗ്ലൗസും ശേഖരിക്കുന്ന ബാഗുകളും നൽകുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാ മാലിന്യങ്ങളും അവർ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുകയുമുണ്ടായി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്. ഇൻസർ പ്രിൻസിപ്പൽ പ്രൊഫസർ. ഡോ.രോഹിണി.ടി സന്നദ്ധ പ്രവർത്തകരെ അഭിനന്ദിക്കുകയും സമ്മാനം നൽകുകയും ചെയ്തു. ഉച്ചയ്ക്ക് 1 മണിയോടെ എല്ലാ പരിപാടികളും അവസാനിച്ചു.








MCC- ECHO School teachers training programme for cancer controle - രണ്ടാമത്തെ ബാച്ച് ജൂലൈ 30 ന് ആരംഭിച്ചു. 27 സ്കൗട്ട് ആൻഡ് ഗൈഡ് ടീച്ചർമാർ കോഴ്സിൽ ചേർന്നു. ഓൺലൈൻ രജിസ്ട്രേഷൻ സെഷൻ കൂടാതെ ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും ക്ലാസ്സുകൾ ആഗസ്റ്റ് 13, സെപ്റ്റംബർ 3, സെപ്റ്റംബർ 24 എന്നീ തീയ്യതികളിൽ നടത്തി.

### എം.സി.സി ദത്തെടുത്ത പന്ന്യന്നൂർ പഞ്ചായത്തിന്റെ ആരോഗ്യപ്രവർത്തനങ്ങൾ

വളണ്ടിയർമാർക്കുള്ള 8,9 പരിശീലനങ്ങൾ ആഗസ്റ്റ് 12 ാം തീയ്യതി നടന്നു. ആരോഗ്യ സാക്ഷര പദ്ധതിയിലെ അവസാനത്തെ പരിശീലനമാണ് ഇത്. ഇതോടൊപ്പം ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രവർത്തന അവലോകന യോഗങ്ങളും, കമ്മ്യൂണിറ്റി പ്രവർത്തനങ്ങളും നടന്നു.

### കെ.സി.സി.സി യുടെ പ്രവർത്തനങ്ങൾ

എല്ലാ മാസവും 'ഹെൽപ് ഡെസ്ക്' പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു.

കെ.സി.സി.സി 'Awareness Committee' യുടെ യോഗം ജൂലൈ 11 ാം തീയ്യതി നടത്തി. സ്കൂളുകളിൽ ബർത്ത് ഡേ ചലഞ്ച് അവതരിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്തു. അതിന്റെ ഭാഗമായി കമ്മിറ്റിയിലെ അംഗങ്ങളും എം.സി.സി ഡയറക്ടറും അടങ്ങുന്ന സംഘം തലശ്ശേരിയിലെ അഞ്ച് സ്കൂളുകൾ സന്ദർശിച്ച് പ്രധാന അദ്ധ്യാപകരുമായി ഇത് ചർച്ച ചെയ്യുകയും ചെയ്തു. കെ.സി.സി.സി ജനറൽ ബോഡി യോഗം ആഗസ്റ്റ് 23 ന് നടത്തി.

### District Cancer Control Programme

ഇതിന്റെ ഭാഗമായി നേരത്തെ അർബുദം നിർണ്ണയിക്കുന്നതിനുള്ള പ്രാരംഭ അർബുദ നിയന്ത്രണ ക്ലിനിക് ന്യൂ മാഹി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആരംഭിക്കുന്നതിനുള്ള സാങ്കേതിക പരിശീലനം സെപ്റ്റംർ 9-ാം തീയ്യതി സെന്ററിൽ വച്ച് നടത്തി.

### Aware awake project ന്റെ ഭാഗമായി Reels/ Trolls മത്സരം

നവമാധ്യമങ്ങൾ അർബുദ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന്റെ ഭാഗമായി ആഗസ്റ്റ് മാസം മുതൽ 10 മാസത്തേക്ക് തുടർച്ചയായി വിവിധ അർബുദ സംബന്ധ വിഷയങ്ങളിൽ Reels/Trolls മത്സരങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. വി-ഗാർഡിന്റെ സഹായത്തോടെ എം.സി.സി ആരംഭിച്ച Aware awake പദ്ധതിയുടെ തുടർച്ച എന്ന രീതിയിലാണ് ഇത് നടത്തുന്നത്. ആദ്യത്തെ മത്സരം ആഗസ്റ്റ് മാസത്തിലും രണ്ടാമത്തെ മത്സരം സെപ്റ്റംബർ മാസത്തിലും നടത്തി. വിദ്യാർത്ഥികളും പൊതു ജനങ്ങളും ഈ മത്സരത്തിൽ പങ്കെടുക്കുകയും പരിപാടിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് Reels/Trolls എന്നിവ തയ്യാറാക്കി അയച്ചുതരികയും ചെയ്തു. ഇത് അടുത്ത 10 മാസങ്ങളിൽ തുടരുന്നതാണ്.

### അർബുദ ബോധവൽക്കരണ പരിപാടികൾ

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പതിവായി അർബുദ ബോധവൽക്കരണ പരിപാടികൾ ഡിപ്പാർട്ട്മെന്റ് നടത്തിവരുന്നു.










22/08/2024 -നടേമ്മൽ സാംസ്കാരിക കൂട്ടായ്മ റസിഡണ്ട് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തി.

26/09/2024 - ദാറുൽ അർഷാദ് അറബിക്ക് കോളേജിലെ എൻ.എസ്.എസ് വിദ്യാർത്ഥികൾക്ക് സ്വച്ഛതാ ഹി സേവ പദ്ധതിയുടെ ഭാഗമായി നടത്തി.

## വായിലെ അർബുദ നിർണ്ണയ പരിശോധന

എം.സി.സിയുടെ AIDOSCAN പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്കായി വായിലെ അർബുദ നിർണ്ണയ പരിശോധന ക്യാമ്പ് സേവാ ഭാരതി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തി. ആഗസ്റ്റ് 31 തിരുവങ്ങാട്ടും, സെപ്റ്റംബർ 27 ന് മാലൂരിലും വച്ച് നടത്തുകയുണ്ടായി.

















































CUBE


CUBE

# Gallery






NATIONAL SERVICE SCHEME
KANNUR UNIVERSITY
Darul Irshad Arabic College
NSS UNIT 39
Swachhata
Hi Seva
Let's join hands and commit to a cleaner environment






NO SMOKING



















# മലബാർ കാൻസർ സെന്റർ

## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881    ഫാക്സ്: 0490 2355880 ഇ-മെയിൽ: mcctly@gmail.com    വെബ്: www.mcc.kerala.gov.in



**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Dr. Bindu T, Dr. Harish Babu, Sobhith V K, Dr. Phinse M Philip, Sindhu N R, Sreejisha
**Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103.
Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only. **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com